3743
31/3/15

കേരള സർക്കാർ

നം. 6731/സി 3/15/ഐ&പി.ആർ.

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ്
(സി)വകുപ്പ്
തിരുവനന്തപുരം. തീയതി 25-03-2015

## ടെണ്ടർ നോട്ടീസ്

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ് - വകുപ്പ് പ്രസിദ്ധീകരണങ്ങളായ സമകാലിക ജനപഥം, കേരളാ കോളിംഗ്, എന്നിവയുടെ 2015-16 വർഷത്തേക്കുള്ള അച്ചടി ജോലി ചെയ്യുന്നതിന് താത്പര്യമുള്ള തിരുവനന്തപുരം നഗരത്തിലെ ആധുനിക സൗകര്യങ്ങളുള്ള അച്ചടി സ്ഥാപനങ്ങളിൽ നിന്നും വകുപ്പിന്റെ നിബന്ധനകൾ പാലിച്ചുകൊണ്ട് മൽസര സ്വഭാവമുള്ള മുദ്ര വെച്ച ടെണ്ടറുകൾ ക്ഷണിക്കുന്നു

A **സമകാലിക ജനപഥം**

| | | |
|---|---|---|
| കോപ്പികൾ | - | 15,000 |
| പേജ് | - | 52 + cover |
| സൈസ് | - | A 4 (ഡമ്മി 1/4) (27 x 19.6 cm) |
| കളർ | - | മൾട്ടി കളർ |
| പേപ്പർ | - | 1) കവർ - 100 gsm Real Art<br>2) അകം പേജ് - 60 gsm<br>( glaced news print -good quality) |
| ബൈൻഡിംഗ് | - | സെൻട്രൽ സ്റ്റാപ്ലിംഗ് |

B **കേരള കോളിംഗ്**

| | | |
|---|---|---|
| കോപ്പികൾ | - | 15,000 |
| പേജ് | - | 48 + cover |
| സൈസ് | - | A 4 (ഡമ്മി 1/4) (26 1/2 x 19 cm) |
| കളർ | - | മൾട്ടി കളർ |
| പേപ്പർ | - | 1) കവർ - 100 gsm Real Art<br>2) അകം പേജ് - 60 gsm ( glaced news print -good quality) |
| ബൈൻഡിംഗ് | - | സെൻട്രൽ സ്റ്റാപ്ലിംഗ് |

ഓരോ പ്രസിദ്ധീകരണത്തിനും അധികം ഉപയോഗിക്കേണ്ടതായി വരുന്ന ഓരോ ഫോറത്തിനും പ്രത്യേക നിരക്ക് രേഖപ്പെടുത്തണം. കൂടുതൽ കോപ്പികൾ ആവശ്യമായി വരുന്ന പക്ഷം 1000, 5000, 10000 കോപ്പികൾക്ക് പ്രത്യേകമായി അധികം വേണ്ടി വരുന്ന തുക രേഖപ്പെടുത്തണം. കോപ്പികളുടെ എണ്ണം കുറയുകയാണെങ്കിൽ ഒരു കോപ്പിയുടെ അച്ചടിക്കൂലി കണക്കാക്കി നിരക്കിൽ കുറവു വരുത്തുന്നതാണ്.

## പൊതു നിബന്ധനകൾ

1. തിരുവനന്തപുരത്ത് ആസ്ഥാന ഓഫീസും സ്വന്തമായി പ്രസ്സുമുള്ള സ്ഥാപനത്തെ മാത്രമേ പരിഗണിക്കുകയുള്ളൂ.

2. സി.ഡി.അച്ചടിക്കായി നൽകി കഴിഞ്ഞാൽ പരമാവധി അഞ്ചു ദിവസത്തിനകം അച്ചടി പൂർത്തിയാക്കി പ്രസിദ്ധീകരണം ലഭ്യമാക്കണം.
3. മാസികകൾ വിലാസപട്ടിക അച്ചടിച്ച് കവറിലാക്കി പോസ്റ്റ് ഓഫീസ് അടിസ്ഥാനത്തിൽ വേർതിരിച്ച് ആർ.എം.എസിൽ എത്തിക്കേണ്ട ചുമതല അച്ചടി സ്ഥാപനം ചെയ്യണം.
4. കരാർ വ്യവസ്ഥ ലംഘിക്കുന്ന സ്ഥാപനത്തിന്റെ കരാർ റദ്ദാക്കാനുള്ള അധികാരം ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും. പ്രസിന്റെ നിലവാരവും സംവിധാനവും പരിശോധിച്ച് കരാർ സംബന്ധിച്ച അന്തിമ തീരുമാനം എടുക്കാനും ഡയറക്ടർക്ക് പൂർണ അധികാരം ഉണ്ടായിരിക്കുന്നതാണ്.
5. അച്ചടി സ്ഥാപനത്തിന്റെ ശേഷി, യന്ത്ര സംവിധാനങ്ങളുടെ മികവ്, അച്ചടി കൃത്യമായി നിർവഹിക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ എന്നിവ ഡയറക്ടറോ അദ്ദേഹം ചുമതലപ്പെടുത്തുന്ന ഓഫീസറോ പരിശോധിച്ച ശേഷമായിരിക്കും കരാർ സംബന്ധിച്ച അന്തിമ തീരുമാനമെടുക്കുക.
6. വകുപ്പ് മുമ്പ് അച്ചടി കരാർ നൽകിയ ശേഷം കൃത്യമായി അച്ചടിച്ചു നൽകാത്ത സ്ഥാപനങ്ങളെ പരിഗണിക്കാതിരിക്കാൻ ഡയറക്ടർക്ക് അധികാരമുണ്ടായിരിക്കുന്നതാണ്.
7. ഓരോ ലക്കം മാസികയ്ക്കുമൊപ്പം തപാലിൽ അയയ്ക്കുന്നതിനുള്ള പേപ്പർ കവർ കൂടി സൗജന്യമായി അച്ചടിച്ചു ലഭ്യമാക്കേണ്ടതാണ്. ഇത് തപാൽ വകുപ്പ് അനുശാസിക്കുന്ന തരത്തിൽ മാസികയുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ കവർ പൊട്ടിച്ചു നോക്കാതെ തന്നെ കാണത്തക്ക വിധത്തിൽ ഡിസൈൻ ചെയ്തതായിരിക്കണം.
8. ഓരോ മാസവും ആവശ്യമുള്ള കോപ്പികളുടെ എണ്ണം സംബന്ധിച്ച് നൽകുന്ന വർക്ക് ഓർഡർ പ്രകാരം കോപ്പികൾ അച്ചടിച്ചു ലഭ്യമാക്കേണ്ടതാണ് .

*ക്വട്ടേഷൻ നോട്ടീസ് പ്രസിദ്ധീകരിക്കുന്ന തീയതി : 30.03.2015*
*ടെണ്ടർ ഫോം നൽകുന്ന അവസാന തീയതി : 10.04.2015*
*ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി : 16.04.2015, 1.00 P.M.*
*ടെണ്ടർ തുറക്കുന്ന തീയതി : 16.04.2015, 4.00 P.M.*

ടെണ്ടർ ഫോമിന്റെ വില
(സമകാലീന ജനപഥം, കേരള കോളിംഗ് (ഓരോന്നിനും) : 1000 + VAT
E.M.D : ക്വാട്ട് ചെയ്യുന്ന തുകയുടെ 1%
ഓരോന്നിനും വേറ്വേറെ ടെണ്ടറുകൾ സമർപ്പിക്കേണ്ടതാണ്.

മുദ്രവച്ച ടെണ്ടറുകൾ, ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, സെക്രട്ടറിയേറ്റ്, തിരുവനന്തപുരം എന്ന വിലാസത്തിൽ അയയ്ക്കേണ്ടതാണ്.

*മിനി ആന്റണി*
*ഡയറക്ടർ*